# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി2/15700/12 തൈക്കാട്, തിരുവനന്തപുരം-14

തീയതി: 24/05/2012

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- 2012 ആഗസ്റ്റിൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് "മികവിന്റെ കേന്ദ്രങ്ങൾ"- എൻ.സി.വി.റ്റി. അഫിലിയേഷനുള്ള കേന്ദ്രങ്ങൾ- ബ്രോഡ് ബേസ്ഡ് ബേസിക്ക് ട്രെയിനിംഗ് (ബി.ബി.ബി.റ്റി) ആന്റ് അഡ്വാൻസ്ഡ് മോഡ്യൂൾസ്- അപേക്ഷകൾ ക്ഷണിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

***************

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഐ.ടി.ഐ.കളിൽ വച്ച് 2012 ആഗസ്റ്റ് മാസം നടത്തുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് എൻ.സി.വി.റ്റി അഫിയേഷൻ ലഭിച്ചിട്ടുള്ള **ബ്രോഡ് ബേസ്ഡ് ബേസിക്ക് ട്രെയിനിംഗിനും, അഡ്വാൻസ്ഡ് മോഡ്യൂളുകളിൽ** പരീക്ഷയെഴുതി തോറ്റുപോയ ട്രെയിനികൾക്ക് വീണ്ടും പരീക്ഷയെഴുതുന്നതിനും വേണ്ടി, നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു. റഗുലർ ട്രെയിനികൾക്ക് 40 (നാൽപ്പത്) രൂപയും, സപ്ലിമെന്ററി ട്രേഡ് ടെസ്റ്റിന് അപേക്ഷിക്കുന്ന തോറ്റ ട്രെയിനികൾ പരീക്ഷാ ഫീസ് ഇനത്തിൽ 60 രൂപ (അറുപത് രൂപ)യും സംസ്ഥാനത്തെ ഏതെങ്കിലും ഒരു ട്രഷറിയിൽ "0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ തുക ഒടുക്കി ചെലാന്റെ അസ്സൽ സഹിതം അപേക്ഷ സമർപ്പിക്കണം. **സപ്ലിമെന്ററി പരീക്ഷ എഴുതുന്നവർക്ക് ഒരു വിഷയത്തിനായാലും ആകെ വിഷയങ്ങൾക്കായാലും പരീക്ഷാ ഫീസിനത്തിൽ 60 രൂപയെന്നതിൽ മാറ്റമില്ല.**

എല്ലാ വിവരങ്ങളും ഉൾപ്പെട്ട അപേക്ഷകൾ ബന്ധപ്പെട്ട ഐ.ടി.ഐ.പ്രിൻസിപ്പാൾമാർക്ക് 30/06/2012-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭിച്ചിരിക്കണം.

അപേക്ഷകൾ, പ്രിൻസിപ്പാൾമാർ സാക്ഷ്യപ്പെടുത്തി പങ്കെടുക്കുന്ന ട്രെയിനികളുടെ പട്ടിക ഉൾപ്പെടെ ഈ ഓഫീസിൽ 05/07/2012-ന് തീയതിക്ക് മുമ്പായി ലഭിച്ചിരിക്കത്തക്കവിധത്തിൽ എത്തിക്കേണ്ടതാണ്.

പരീക്ഷയുടെ തീയതിയും സമയവും യഥാസമയം അറിയിക്കുന്നതാണ്.

അപേക്ഷകൾ ശ്രീ.ബി.ബാലചന്ദ്രൻ, ഡെപ്യൂട്ടി ഡയറക്ടർ, ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൈയ്ക്കാട്, തിരുവനന്തപുരം- 695 014 എന്ന വിലാസത്തിൽ നേരിട്ട് അയക്കേണ്ടതാണ്.

(ഒപ്പ്)

ട്രെയിനിംഗ് ഡയറക്ടർ.

പ്രിൻസിപ്പാൾ, ഐ.ടി.ഐ.ചെങ്ങന്നൂർ/ അരീക്കോട്/കണ്ണൂർ/ചാക്ക/ ധനുവച്ചപുരം/ ചന്ദനത്തോപ്പ്/ (വനിത)ഐ.ടി.ഐ.കൊല്ലം/ കാസർഗോഡ്/ ഏറ്റുമാനൂർ/ പള്ളിക്കത്തോട്/ കളമശ്ശേരി/ ചാലക്കുടി/ മലമ്പുഴ/ആറ്റിങ്ങൽ/ അര്യനാട്/ കൊയിലാണ്ടി.

***പകർപ്പ്:-*** ട്രെയിനിംഗ് ഡയറക്ടറുടെ സി.എ./എ.ഡി.റ്റി/ ജെ.ഡി.റ്റി/ ഡി.ഡി(ട്രെയിനിംഗ്)/ റ്റി.റ്റി.ഒ/എസ്.എസ്(ജി)/ കരുതൽ ഫയൽ (ജി2).

//അംഗീകാരത്തോടെ//

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി.